**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3233** **26-06-2024 - ൽ മറുപടിയ്ക്ക്**

**തീർത്ഥാടക ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ തീർത്ഥാടന സഞ്ചാരികൾക്കായി അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തീർത്ഥാടന ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് തത്വമസി എന്ന പേരിലും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. അതോടൊപ്പം സാംസ്കാരിക കേന്ദ്രങ്ങളെ യോജിപ്പിച്ചുകൊണ്ട് ലിറ്ററി സർക്യൂട്ടിനും രൂപം നൽകിയിട്ടുണ്ട് . |
| (ബി) | കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിയ്ക്കുന്നതിനായി താഴെ പറയുന്ന 3 തീർത്ഥാടന ടൂറിസം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.<br>• സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രയിൻ, മലയാറ്റൂർ അണ്ടർ പ്രസാദ് സ്കീം – പദ്ധതി തുക 29.91 കോടി രൂപ<br>• ചേരമൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ -പദ്ധതി തുക 4.29 കോടി രൂപ<br>• ഡെവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എണാകുളം ഡിസ്ട്രിക്റ്റ് – പദ്ധതി തുക 7 കോടി രൂപ |
| (സി) | വിനോദസഞ്ചാര രംഗത്ത് ഏറെ സാദ്ധ്യതയുള്ള സ്പൈസ് റൂട്ട്, പൈതൃക ടൂറിസം എന്നിവ ബൃഹദ് പദ്ധതികളായി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | സ്പൈസ് റൂട്ട്, പൈതൃക ടൂറിസം പദ്ധതികൾ വിപുലീകരിച്ച് നടപ്പിലാക്കുന്നത് പരിഗണനയിലാണ്. |
| (ഡി) | സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായം ചിലയിടങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നതിന് പകരം വികേന്ദ്രീകൃത രീതിയിൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരളത്തെ ആകെ ഒരു ടൂറിസം കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നത് . വിനോദസഞ്ചാര വ്യവസായം സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളുടെയും |

| | | | |
|---|---|---|---|
| | | | വികസനത്തെ മുൻനിർത്തിയിട്ടുള്ളതാണ് . സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളുടെ ടൂറിസം സാധ്യതയ്ക്ക് അനുസൃതമായാണ് ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് . കൂടാതെ എല്ലാ പഞ്ചായത്തുകളിലും ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഡസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ